File No.FWLD-E3/358/2021-FWLD

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിർമ്മാണസ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഇ) വകുപ്പ്

G.O.(Rt) No.429/2021/F&WLD തീയതി,തിരുവനന്തപുരം, 24/12/2021

പരാമർശം:- 1. സ.ഉ (സാധാ) നം. 68/2010/വനം: തീയതി 10.02.2010.

2. സ.ഉ (സാധാ) നം. 172/2010/വനം: തീയതി 21.04.2010.

3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 03.09.2021 തീയതിയിലെ എൽ.ആർ.എം. 2-512/21 നമ്പർ കത്ത്.

4 പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11.10.2021. 17/12/2021 തീയതികളിലെ കത്ത്.

<u>ഉത്തരവ്</u>

റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെയുള്ള 255 വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി പുനർനിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതായും ഇതിൽ52 വില്ലേജ് ഓഫീസ് നിർമ്മാണ സ്ഥലങ്ങളിലെ വിവിധ മരങ്ങൾ മുറിച്ചു നീക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതായി അതാത് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുള്ളതായും പരാമർശം ( 3 ) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ വ്യക്തമാക്കിയിരുന്നു. സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന നിശ്ചയിച്ച ലഭിക്കുന്ന മരങ്ങളുടെ മതിപ്പ് വില ഉയർന്ന നിരക്കിലുള്ളതായതിനാൽ ലേല നടപടികളിൽ ആരും പങ്കെടുക്കാത്ത സാഹചര്യമാണുള്ളതെന്നും നിർമ്മാണ സ്ഥലങ്ങളിൽ നിന്നും മരങ്ങൾ നീക്കം ചെയ്യാൻ സാധിക്കുന്നില്ലായെന്നും പ്രസ്തുത സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് അനന്തമായി നീളുന്നത് ഒഴിവാക്കുന്നതിനായി ബദൽ മാർഗങ്ങൾ സ്വീകരിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെട്ടിരുന്നു. അതിനായി വനം വകുപ്പ് നിർണ്ണയിച്ച വില കിട്ടാത്ത പക്ഷം ഫീസിബിലിറ്റി അനുസരിച്ച് പ്രോജക്റ്റ് ഫണ്ടിൽ നിന്നും പണം കണ്ടെത്തി മരങ്ങൾ മുറിക്കുകയും ആയത് വനം വകുപ്പിന്റെ തടിഡിപ്പോയിൽ എത്തിച്ച് രസീത് കൈപ്പറ്റുകയും വനം വകുപ്പ് നടത്തുന്ന തടിലേലത്തിൽ ഇത്തരത്തിലുള്ള തടികൾ കൂടി ഉൾപ്പെടുത്തുകയും ലേലത്തുകകൾ ഖജനാവിലേയ്ക്ക് ഒടുക്കി വിവരം അതതു വകുപ്പുകളെ അറിയിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സൂചന(3) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിരുന്നു. N R നായർ വോളിയം ടേബിൾ പ്രകാരമുള്ള വിലനിർണയം മേൽ മരം മുറി വിഷയത്തിൽ അപ്രസക്തമാണ് എന്നും. ഫീസിബിലിറ്റി അനുസരിച്ച് പ്രോജക്റ്റ് ഫണ്ടിൽനിന്നും പണം കണ്ടെത്തി മരങ്ങൾ മുറിച്ചു മാറ്റാവുന്നതാണ് എന്ന് പരാമർശം (4) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പി&ഡി) അഭിപ്രായം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് നിർമ്മാണസ്ഥലത്ത് നിൽക്കുന്ന മുറിച്ചുമാറ്റേണ്ട മരങ്ങൾക്ക് വനം വകുപ്പ് നിർണ്ണയിച്ച മതിപ്പുവില ലേലത്തിൽ കിട്ടാത്ത പക്ഷം ഫീസിബിലിറ്റി അനുസരിച്ച് തനത് പ്രോജക്റ്റ് ഫണ്ടിൽ നിന്നും പണം കണ്ടെത്തി മരങ്ങൾ മുറിക്കുന്നതിനും ആയത് കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോൽസാഹന ആക്റ്റ് 2005. വകുപ്പ് (6) ലെ വ്യവസ്ഥകൾക്ക് വിധേയമായി വനം വകുപ്പിന്റെ തടിഡിപ്പോയിൽ എത്തിച്ച് രസീത് കൈപ്പറ്റി വനം വകുപ്പിന് കൈമാറുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. വനം വകുപ്പ് നടത്തുന്ന തടിലേലത്തിൽ ഇത്തരത്തിലുള്ള തടികൾ കൂടി ഉൾപ്പെടുത്തുകയും ലേലത്തുക ഖജനാവിലേയ്ക്ക് ഒടുക്കി ആയത് ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർ റവന്യൂ വകുപ്പിനെ അറിയിക്കേണ്ടതുമാണ്. മരങ്ങൾ മുറിച്ചുമാറ്റേണ്ട സാഹചര്യത്തിൽ ആയതുമായി ബന്ധപ്പെട്ട നിലവിലെ നിയമങ്ങൾക്കും പരാമർശം (1) & (2) ഉത്തരവുകൾക്കും വിധേയമായി ജില്ലാകളക്ടർമാർ നടപടി

സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
Principal Secretary

1. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്തിരുവനന്തപുരം
2. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (പി&ഡി), തിരുവനന്തപുരം
3. ലാൻഡ് റവന്യൂ കമ്മീഷണർ തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), തിരുവനന്തപുരം
6. എല്ലാ ജില്ലാ കളക്ടർമാർക്കും
7. റവന്യൂ (എഫ്) വകുപ്പ് (UO(F) NO. F2 189/2021/Rev പ്രകാരം)
8. വെബ് & ന്യൂ മീഡിയ ഡിവിഷൻ. വിവര പൊതുജന സമ്പർക്ക വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Anjaly Devi A G
Date: 27-12-2021 11:05:2
Reason: Approved
സെക്ഷൻ ഓഫീസർ